# ലിറ്റിൽ കൈറ്റ്സ്



# വർണ്ണം

## ഡിജിറ്റൽ മാഗസിൻ

## എസ് എൻ ഡി പി ഹൈസ്കൂൾ ഇടപരിയാരം

എസ് എൻ ഡി പി എച്ച് എസ്

ഇടപ്പരിയാരം1

2018-2019

# ആമുഖം

സാങ്കേതിക  വിദ്യയിൽ ഏറെ പുരോഗതികൈവരിച്ച ഒരു സംസ്ഥാനമാണ്നമ്മുടെകൊച്ചുകേരളം .ഇന്ന് നമ്മുടെ  പൊതുവിദ്യാലയങ്ങൾഹൈടെക്ക്  ആയി മാറിയിരിക്കുന്നു.വിവരവിനിമയസാങ്കേതിക വിദ്യയുടെ സങ്കേതങ്ങളുംഉപകരണങ്ങളും ഏറെ പരിചിതരായ നമ്മുടെകുട്ടികൾ അവ അറിവ് നിർമാണത്തിലും പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ സ്കൂളുകളിൽ ഇത് നടപ്പിലാക്കുന്നതിൽവലിയപങ്കുവഹിക്കുന്നു. നൂതനസാങ്കേതിക വിദ്യയുടെ ലോകത്തേക്ക്കുട്ടികളകപിടിച്ചുയർത്താൻ ലിറ്റിൽകൈറ്റ്പ്രവർത്തനങ്ങളിലൂടെസാധിക്കുന്നു. പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ ഡിജിറ്റൽ മാഗസിന് എല്ലാ വിധമായ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്
എസ് ശ്രീലത

**ഉള്ളടക്കം**


**എൻറെ സ്വന്തം നാട് ........................................കവിത 4**

**സ്വർണ്ണ പക്ഷി ........................................കഥ 5**

**ജീവിതം എൻ അമ്മ........................................കവിത 7**

**മാതൃസ്നേഹം ............................ കവിത 8**

**ചാന്ദ്രദിനാഘോഷം** ..................................................ചിത്രം 9

**പരിസ്ഥിതി ക്ളബ്ബ്** ........................................ചിത്രം **10**

ചിത്രം ............................................................


എസ് എൻ ഡി പി എച്ച് എസ്

ഇടപ്പരിയാരം3

കവിത

## എൻറെ സ്വന്തം നാട്

നമുക്കുവേണ്ടി നമ്മളാൽ പിറവിയെടുത്തൊരു നാടാണേ
നമ്മുടെ സ്വന്തം കേരളമാ    അഭിമാനിക്കാം കൂട്ടരേ
പരശുരാമൻ മഴുവിൽ തീർത്തൊരു ഭംഗിയേറിയ നാടാണേ
പഴമക്കാരാമവരെല്ലാം നമുക്ക വേണ്ടി പോരാടി
അഴിമതിക്കും അക്രമത്തിനും നമ്മുടെ നാട് കൊടുക്കല്ലേ
കുരുന്നു നാവിൽ  കുറിച്ചിടാനായി നമുക്കുമുണ്ട് നല്ലൊരു നാട്
പഠിച്ചിറങ്ങിയ  ആയിരമായിരം അറിവിൻ ഗണങ്ങൾ ഇവിടെ ഉണ്ട്
ജീവിതമെന്തെന്ന് എല്ലാരെയും പഠിപ്പിക്കുന്നൊരു  ഡിജിറ്റൽ നാടാണേ
എന്തിനുമേതിനും നമുക്ക തുണയായി  നമ്മുടെ സ്വന്തം   നാടുണ്ടേ
എനിക്കുമുണ്ടേ പറയാനായി സുന്ദരമാമൊരു കേരളം
ഇതു നമ്മുടെ  സ്വന്തം നാടാണേ
നമുക്കുവേണ്ടി നമ്മള് തന്നെ പടുത്തുയർത്തിയ നാടാണേ

**പാർവതി പ്രസന്നൻ 10**

എസ് എൻ ഡി പി എച്ച് എസ്
ഇടപ്പരിയാരം4

## സ്വർണ്ണ പക്ഷി

"ഒരിടത്ത് ഒരു സ്വർണ്ണ പക്ഷി ഉണ്ടായിരുന്നു. ഒരുദിവസം അത് തീറ്റ തേടുകയായിരുന്നു .ഈ പക്ഷിയെ സ്വർണ്ണ പക്ഷി എന്ന് വിളിക്കാൻ കാരണം അതിൻറെ നിറം ഗോതമ്പ് മണികളുടെ നിറമായിരുന്നു". ഇങ്ങനെ കടയിൽ ഇരുന്നു രണ്ടു വഴിപോക്കർ പറയുന്നത് ഒരു കർഷകൻ കേട്ടു. കർഷകൻറെ മനസ്സിൽ ഒരു ആശയം ഉണ്ടായി. കർഷകൻ ഒരുദിവസം ആ പക്ഷിയെ കെണിവെച്ച് പിടിച്ചു .അയാൾ അതിനെ കൂട്ടിൽ ഇട്ടു വളർത്തി .അതിന് ആഹാരമോ വെള്ളമോ ഒന്നും കൊടുക്കാതെ അതിനെ പട്ടിണിക്കിട്ടു. ഒരുദിവസം കർഷകൻ അതിനെ വിൽക്കുവാൻ വേണ്ടി ചന്തയിൽ പോയി. അയാൾ ആ പക്ഷിയെ കച്ചവടക്കാരൻ കയ്യിലേക്ക് കൊടുത്തു . അയാൾ അതിനെ എടുത്ത് തൂക്കി നോക്കിയപ്പോൾ അതിന് ഒട്ടും ഭാരം





ഉണ്ടായിരുന്നില്ല . അതുകൊണ്ട് അയാൾ അതിനെ പറത്തിവിട്ടു. അപ്പോൾ ആ പക്ഷി മരത്തിൽ പറന്നു പോയിരുന്നു. പെട്ടെന്നുതന്നെ ആ പക്ഷി ഒരു ദേവതയായിമാറി. ആ കർഷകന് ദേവത നല്ല ശിക്ഷ കൊടുത്തു അയാളെ ഒരു മരം ആക്കിമാറ്റി. എന്നാണോ അയാൾ ഒരു പക്ഷിയെ ആ മരത്തിൽ കൂടുകൂട്ടാൻ സമ്മതിക്കുന്നത് അന്നയാൾ ഈ ശിക്ഷയിൽനിന്ന് മോചിതനാകും. ഇത്രയും പറഞ്ഞു ദേവത ആകാശത്തേക്ക് പറന്നുപോയി

അഭിജിത റെജി

ക്ലാസ്8

കവിത

# ജീവിതം എൻ അമ്മ

ജീവിതമാണ് എൻറെ അമ്മ
എൻറെ അമ്മയാണ് എൻറെ ജീവനും
അനുരാഗത്തിലും എൻ അമ്മയുണ്ട്
ദുഃഖത്തിലും എൻ അമ്മയുണ്ട്
ജീവിതം എന്നെ പഠിപ്പിച്ച അമ്മ
എന്നും എന്നുമെൻ കൂടെയുണ്ട് എൻറെ അമ്മ
സ്നേഹ നിധിയാണ് എൻറെ അമ്മ
കരുണാനിധിയാണ് എൻറെ അമ്മ
അനുരാഗ ത്തിലും അമ്മയുണ്ട്
ദുഃഖത്തിലും എൻ അമ്മയുണ്ട്
സ്നേഹം എന്നെ പഠിപ്പിച്ച അമ്മ
എന്നുമെൻ കൂടെയുണ്ട് എൻറെ അമ്മ
അനുരാഗ മറിഞ്ഞു .... ദുഃഖം അറിഞ്ഞു....
കണ്ണീർ..... എന്തെന്നറിഞ്ഞു
വരുമോ എൻറെ കൂടെ ഇനി യും
നാളുകൾ ഏറെയും ഇങ്ങനെ തൻ
ജീവിതമാണ് എൻറെ അമ്മ....
എൻറെ അമ്മയാണ് എൻറെ ജീവനും.

വൈഷ്ണവി

ക്ലാസ് 8

കവിത

## മാതൃസ്നേഹം

പൊക്കിൾകൊടി അറ്റുപോകും നേരം
നിലയ്ക്കുന്നതല്ലെന്നും മാതൃസ്നേഹം
നിൻ അധരത്തിൽ കിടന്നു പുഞ്ചിരിക്കുകവേ
നിർവൃതിയോടെ നീ പുഞ്ചിരിപ്പൂ
ആദ്യമായി കണ്ടത് നിൻ മുഖം മാത്രമാ
അന്ത്യം വരയിന്ന് മായ്കയില്ല
നിൻ മിഴി നീര് ഞാൻ വീഴ്ത്തുകില്ല
നിൻ ദുഃഖം കാണുവാൻ കഴിയുകില്ല
നേരം വെളുക്കുമ്പോൾ ഓടി എത്തും എൻ
അമ്മ എന്നുടെ ജീവൻറെ ജീവനാണ്
എൻ മുഖം വാടുമ്പോൾ സാന്ത്വനമായി
എന്നുടെ അരികിൽ എത്തുകില്ലേ
അച്ഛൻ വഴക്കു പറയണ നേരത്ത്
എന്നെ തലോടാൻ നീ ഒപ്പം ഇല്ലേ
ആർക്കും കഴിയില്ല നിന്നൊപ്പമെത്തുവാൻ
ആരെയും അങ്ങനെ കാണുകില്ല
അമ്മ കഴിഞ്ഞുള്ളൂ മറ്റെന്തും ഇന്നെനിക്ക്
മരണം വരെയതു മാത്രമാണ്
മരണത്തിനും മായ്ക്കാൻ കഴികയില്ല

എന്നുടെ ജീവൻറെ സ്പന്ദനമാണ്
ദേവിക്ക് തുല്യമാണെൻറെ അമ്മ
ദേവിയായി നിന്നെ ഞാൻ കാൺകയല്ലേ


വൈഷ്ണവി

എസ് എൻ ഡി പി എച്ച് എസ്

ഇടപ്പുരിയാരം8

# ചാന്ദ്രദിനാഘോഷം

## ചാന്ദ്രമനുഷ്യൻ കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു





എസ് എൻ ഡി പി എച്ച് എസ്

ഇടപ്പരിയാരം9

# പരിസ്ഥിതി ക്ളബ്ബ് പ്രവർത്തനങ്ങൾ










സ്കൂൾ കൃഷിത്തോട്ടത്തിലെ അപൂർവ ദൃശ്യം

# വാഴക്കുല! മുകളിലെത്തി വിരിയാൻ താല്പര്യമില്ല



എസ് എൻ ഡി പി എച്ച് എസ്

ഇടപ്പരിയാരം13

ചിത്രരചന അഭിറാം ഗോപൻ 9





എസ് എൻ ഡി പി എച്ച് എസ്
ഇടപ്പരിയാരം14

# നന്ദി